# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവേലിക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി.ജി.എ-8-142/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മാവേലിക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം.

നമ്പർ: കെ.എസ്.എ.എ.എൽ.പി.ജി.എ-8-142/2022 തീയ്യതി: 31/03/2022

## ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജി.ഹരികുമാർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 27-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 27-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സജിതാദാസ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.മായാദേവി.സി.എസ്സ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി,അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്സ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഉണ്ണിക്കൃഷ്ണൻ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീലാ അഭിലാഷ് | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ ബിനുജി. ജി | സെക്രട്ടറി | 01-04-2019 | 04-09-2019 |
| ശ്രീ സനിൽ എസ്സ് | സെക്രട്ടറി | 05-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനിപ്രസാദ് | കൃഷി ഓഫീസർ | 01-04-2019 | 29-02-2020 |
| ശ്രീമതി.ലളിത | കൃഷി ഓഫീസർ | 01-03-2020 | 31-03-2020 |
| ഡോ.രാധാകൃഷ്ണപിള്ള | സീനിയർ വെറ്ററിനറി സർജൻ | 01-01-2020 | 31-03-2020 |
| ശ്രീ.രാജേഷ്.കെ.കെ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 06-11-2019 |
| ശ്രീ.കമൽ.ഡി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 07-11-2019 | 31-03-2020 |
| ശ്രീമതി .സുജാത.കെ.ബി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.റംല | ആയുർവേദ മെഡിക്കൽ ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീ.ദിലീപ് കുമാർ.റ്റി.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അഞ്ജു.പി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. രഞ്ജി .കെ രാജൻ | സൂപ്രണ്ട് ,ജില്ലാആശുപത്രി | 01-04-2019 | 06-05-2019 |
| ഡോ.ലിസ്സി ഇടിക്കുള | സൂപ്രണ്ട് ,ജില്ലാആശുപത്രി | 07-05-2019 | 18-05-2019 |
| ഡോ. ജിതേഷ്. കെ. എ | സൂപ്രണ്ട് ,ജില്ലാആശുപത്രി | 19-05-2019 | 31-03-2020 |
| ഡോ. സിന്ധു എസ് | സീനിയർ വെറ്റിനറി സർജ്ജൻ | 01-04-2019 | 31-12-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-1 |
| 2 | വാർഷിക കണക്കുകൾ സംബന്ധിച്ചുള്ള പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 04-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 03-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-01-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 01-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sajitha Das (Audit Officer (HG), On 02-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-9 |
| 10 | സ്ഥാപനങ്ങളുടെ ട്രേഡ്ലൈസൻസിന്റെ / പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി: എല്ലാ സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണമായി നികുതി ചുമത്താനായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2022) | 1-10 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2022) | 1-11 |
| 12 | സതേൺ റെയിൽവേ തിരുവനന്തപുരം ഡിവിഷനിൽ നിന്നും ലഭിക്കേണ്ടതായ മുഴുവൻ തൊഴിൽ നികുതിയും ലഭിച്ചിട്ടുണ്ടോയെന്ന് നഗരസഭക്ക് ഉറപ്പാക്കാനായില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 31-01-2022) | 1-12 |
| 13 | കുത്തകലേലം- ലേലത്തുകകൾ നാളിതുവരെ ഈടാക്കിയിട്ടില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 31-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 30-03-2022) | 1-13 |
| 14 | ടൌൺ ഹാൾ, കോൺഫറൻസ് ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച രേഖകൾ ശരിയായ തരത്തിൽ സൂക്ഷിക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 31-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-14 |
| 15 | വിനോദ നികുതി : 2020 മാർച്ച് മാസത്തിലെ വിനോദ നികുതി ഈടാക്കിയില്ല | 1-15 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 31-01-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-03-2022) | |
| 16 | സ്റ്റാപ്പുകളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 31-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-16 |
| 17 | മുറിച്ച് മാറ്റിയ മരത്തിന്റെ തടി ലേലം ചെയ്ത് വരുമാനം നഗരസഭയിൽ മുതൽ കൂട്ടിയിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-02-2022) | 1-17 |
| 18 | റിസ്റ്റൊറേഷൻ ചാർജ്ജ് 1,77,645/-രൂപ കുറവായി ഈടാക്കി<br>Written By: Mini.P.Radhakrishnan (Audit Officer, On 31-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-18 |
| 19 | 'ടൈനി മോഡേൺ സ്ലോട്ടർ ഹൌസ് -പദ്ധതി നടപ്പായില്ല, നഗരസഭയ്ക്ക് 89,76,579/-രൂപയുടെ ബാധ്യത<br>Written By: Mini.P.Radhakrishnan (Audit Officer, On 31-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-19 |
| 20 | പെൻഷൻ ഫണ്ട് - ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല .<br>Written By: Sindhya.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-20 |
| 21 | കോൺട്രിബ്യൂട്ടറി പെൻഷൻ - കുടിശ്ശികയിനത്തിൽ നഗരസഭക്ക് ബാദ്ധ്യത നിലനിൽക്കുന്നു .<br>Written By: Sindhya.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-21 |
| 22 | പരസ്യച്ചാർജ്ജിനത്തിൽ അധികത്തിൽ തുക ചെലവഴിച്ചിരിക്കുന്നു .<br>Written By: Sindhya.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-22 |
| 23 | നഗരസഭയുടെ വാഹനങ്ങൾ കാര്യക്ഷമമായി പരിപാലിക്കുന്നില്ല .<br>Written By: Sindhya.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-23 |
| 24 | മഴക്കാലപൂർവ്വശുചീകരണം -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 31-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-24 |
| 25 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-25 |
| 26 | എയറോബിക് കംപോസ്റ്റ് നിർമ്മാണം- അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 01-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-26 |
| 27 | എയറോബിക് കംപോസ്റ്റ് നിർമ്മാണം ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 01-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-27 |
| 28 | ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണി - ഫൈനൽ ബില്ലിൽ നിന്നും ജി.എസ്സ്.ടി കുറവായി ഈടാക്കി<br>Written By: Mini.P.Radhakrishnan (Audit Officer, On 01-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-28 |
| 29 | ടാർ വീപ്പയുടെ വിലയോടൊപ്പം ജി.എസ്സ്.ടി ഈടാക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 01-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-29 |
| 30 | കുടുംബശ്രീ കാന്റീൻ പ്രവർത്തിക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 01-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 1-30 |
| 31 | ആശ്രയപദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 31-01-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | |
| ഭാഗം 2 | | |
| 1 | റിസ്റ്റ്രേഷന് ചാർജ്ജ് -177645 രൂപ കുറവായി ഈടാക്കി<br>Written By: C.S Mayadevi (Asst. Audit Officer, On 04-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 2-1 |
| ഭാഗം 3 | | |
| 1 | എയറോബിക് കമ്പോസ്റ്റ് നിർമ്മാണം അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 04-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 3-1 |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 02-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടിയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 26-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sajitha Das (Audit Officer (HG), On 02-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 29-01-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 15-02-2019 ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 394436795 | 367173000 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 109688249 | 125497994 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 128695518 | 123318574 |

സ്ഥാപനത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ചട്ടക്കൂടാണ് ബജറ്റ് . 15-02-2019 -ലെ നഗരസഭയുടെ ബജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ, ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥവരവും തമ്മിൽ 28,47,48,546 രൂപയുടേയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥചെലവും തമ്മിൽ 24,16,75,006 രൂപയുടെയും വ്യത്യാസം കാണുന്നു. നഗരസഭയുടെ യഥാർത്ഥ വരവ് ചെലവുകൾ ഏറെക്കുറെ പ്രതിഫലിപ്പിക്കുന്ന വിധത്തിലുള്ള ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്ഥിരംസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ സംബന്ധിച്ചുള്ള പരാമർശങ്ങൾ

| ലഭിക്കേണ്ട തീയതി | AIMS ൽ ഇ-സബ്മിറ്റ് ചെയ്ത തീയതി |
|---|---|
| 31.07.2020 | 01-07-2020 |

1.KURDFC ലോൺ B-5 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലോൺ തുകക്ക് സമാനമായ തുക B-16 പട്ടികയിൽ പ്രിപെയ്ഡ് എക്സ്പെൻസസ് എന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ എടുത്ത തുക മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതിനാൽ ഈ തുക പ്രീ-പെയിഡ് എക്പെൻസ് എന്ന നിലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.നഗരസഭക്ക് ലഭിക്കാനുള്ള/പിരിഞ്ഞുകിട്ടാനുള്ള നികുതി-നികുതിയിതര വരവ് ഇനങ്ങളുടെ കണക്കുകളും സ്ഥാപനം സൂക്ഷിക്കുന്ന ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക തുകകളിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ എൻട്രിയായി ഉൾപ്പെടുത്തിയ തുകകളും ഉൾപ്പെടുന്നു.

1)തൊഴിൽ നികുതി : രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡിമാൻഡ്,കളക്ഷൻ, ബാലൻസ് എന്നിവയുടെ തൻവർഷ കണക്കുകൾ പരിശോധിച്ചുറപ്പാക്കാനാവില്ല.

A)വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ നികുതി കുടിശ്ശിക (പട്ടിക B-15)ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Profession Tax (Institution/ Traders /Professionals)- Current | 2,44,582 |
| 2 | Profession Tax (Institution/ Traders /Professionals)- Arrears | 98,95,868 |

2018-19 വരെയുള്ള കുടിശ്ശികയായി ഉൾപ്പെടുത്തിയിരിക്കുന്ന 98,95,868 രൂപയുടെ കൃത്യത വ്യക്തമാക്കുന്ന അരിയർ

ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

B)വാടക സംബന്ധിക്കുന്ന കുടിശ്ശിക കണക്കുകളിൽ കൃത്യതയില്ല, തൻവർഷ, മുൻവർഷ കുടിശ്ശികകൾ എപ്രകാരമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപ്പെടുത്തിയ ഡിസിബി പത്രികകൾ സൂക്ഷിച്ചിട്ടില്ല

C) വസ്തുനികുതിയുടെ ഡേറ്റാ എൻട്രി ഇനിയും പൂർണ്ണമല്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിമാൻഡ് തുക കൃത്യമല്ല

D)431190202 എന്ന ഹെഡ്ഡിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പരസ്യനികുതിയുടെ കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പണം ആരിൽ നിന്നാണ് ലഭിക്കാനുള്ളതെന്ന വിവരങ്ങൾ ലഭ്യമായിരുന്നില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനം ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ B7 പട്ടികയിൽ ഉൾപ്പെടുന്ന നഗരസഭയുടെ കൈവശമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

4. അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്, ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ,എന്നീ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാവുന്ന രീതിയിൽ തയ്യാറാക്കിയ അഡ്വാൻസ് രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ല.ആയതിനാൽ B-18പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

5.ബാങ്ക് അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തലിന് 2017 ലെ എൻട്രികൾ നിലവിലും ഉപയോഗിക്കുന്നു.

6 ബി-18 പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലൈബ്രറിസെസ് തുക പോസിറ്റീവ് തുകയാണ്

7. ഗുണഭോക്തൃവിഹിതമിനത്തിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല

8. കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നൽകുവാനുള്ള തുക 320300100എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തുന്നത്.എന്നാൽ ഈ ലെഡ്ജറിന്റെ ആദ്യ എൻട്രിയായി ബയോഡൈവേർസിറ്റി ഗ്രാന്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാട്ടർ അതോറിറ്റി കുടിശ്ശിക വിവരങ്ങൾ ഉൾപ്പെടുത്തിയതിന്റെ കൃത്യതയും പരിശോധിച്ചുറപ്പാൻ കഴിയില്ല.

9.നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന അഡ്വാൻസുകൾ (മുൻകൂർ തുക) പൂർണ്ണമായും അഡ്വാൻസ് എന്ന നിലയിലല്ല അക്കൌണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ അഡ്വാൻസുകളുടെ വിനിയോഗം നിരീക്ഷിക്കാനാവില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 67791905.94 |
| വരവ് | 109688289 |
| ആകെ | 177480194.94 |
| ചെലവ് | 125497994 |
| നീക്കിയിരിപ്പ് | 51982200.94 |
| വരവിനങ്ങളിലുള്ള നഷ്ടം | 177645 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4071 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,14,447 |

## 1-4 ഗ്രാന്റ് വിനിയോഗ വിവരം

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP 6 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്- | 24942000 | 5000812 | 15887774 | 20888586 | 4053414 |

| | | | | | | |
|---|---|---|---|---|---|---|
| | പൊതുവിഭാഗം | | | | | |
| 2 | വികസന ഫണ്ട്-എസ്.സി.പി | 18211000 | 346666 | 12627555 | 12974221 | 5236779 |
| 3 | സംരക്ഷണ ഗ്രാന്റ്-റോഡ് | 13451000 | 0 | 2779525 | 2779525 | 10671475 |
| 4 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 7903000 | 0 | 5711880 | 5711880 | 2191120 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 36150000 | 0 | 7764074 | 7764074 | 28385926 |

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 800001 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 2 | വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള തുക | 3834010 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 3 | കെ.എസ് .ഇ .ബിക്ക് നൽകുവാനുള്ള തുക | 366801 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 4 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 346666 | വികസന ഫണ്ട് ( എസ്.സി.പി) |
| | ആകെ | വികസന ഫണ്ട്(പൊതുവിഭാഗം) | 5000812 |
| | | വികസന ഫണ്ട് ( | 346666 |

| | | |
|---|---|---|
| | എസ്.സി.പി) | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയത് ശതമാനം |
|---|---|---|---|---|---|---|
| 235 | 124548615 | 101 | 50193506 | | 134 | 43% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3215218 | ഇല്ല | 3215218 | 3214558 | 660 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 2893505 | 2893505 | 2893505 | |
| ആകെ | 3215218 | 2893505 | 6108723 | 6108723 | 660 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 732000 | 201 |
| വിധവാപെൻഷൻ | 2741400 | 775 |
| അവിവാഹിത പെൻഷൻ | 199800 | 55 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 760300 | 223 |
| വാർദ്ധക്യകാല പെൻഷൻ | 6432000 | 1818 |
| തൊഴിലില്ലായ്മവേതനം | 71160 | 19 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2022 ന് സ്ഥാപനമേധാവിയുടെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 1,23,587 രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കൗൺസിൽ മീറ്റിംഗുകളുടെ മിനിട്സ് സകർമ്മ സോഫ്റ്റ്‌വെയർ മുഖാന്തിരമായിരിക്കണമെന്ന സർക്കാർ നിർദ്ദേശം നഗരസഭയിൽ പാലിക്കുന്നില്ല. ഇത് മുൻകാല പ്രാബല്യത്തിൽ മിനിട്സിൽ തീരുമാനങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

2.കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

3.പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്റ്റുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4.നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരവ് തുകകൾ കൃത്യമായി പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടൽ നടത്തുന്നില്ല.

5.ചെലവ് വൗച്ചറുകൾ ക്രമത്തിലും, ചിട്ടയായും സൂക്ഷിക്കുന്നില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. ആസ്തി രജിസ്റ്ററിൽ ഭൂമി ഉൾപ്പെടെയുള്ള പല ആസ്തികളുടേയും വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

7.ഓഫീസ് ഓർഡറിനായി പ്രോസീഡിംഗ്സ് തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകുന്നുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ / പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി: എല്ലാ സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണമായി നികുതി ചുമത്താനായില്ല

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം നഗരസഭക്ക് നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ ജോലിയിലോ കലയിലോ ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള തൊഴിൽ നികുതി ചുമത്തൽ പൂർണ്ണമല്ല. നിരവധി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ / പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിൽ നഗരസഭക്ക് വീഴ്ചയുണ്ടായി. സ്ഥാപനം പരിശോധനക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2019-20 വർഷം ട്രേഡേഴ്സിന്റെ/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കാരുണ്യ ഫാർമ്മസി KMSCL | II |
| 2 | മുത്തൂറ്റ് ഫിനാൻസ് , പുതിയകാവ് | II |
| 3 | HDFC ബാങ്ക് | II |
| 4 | എസ്സ്.സി എസ്സ്.റ്റി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 5 | ജോർജിയൻ ഫിനാൻസ് | I & II |
| 6 | പ്രതിഭ തീയേറ്റർ | I & II |
| 7 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ് | I & II |
| 8 | നാഷണൽ ഇൻഷുറൻസ് കമ്പനി | II |

| | | |
|---|---|---|
| 9 | മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ് | I & II |
| 10 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് മാവേലിക്കര | I & II |
| 11 | ഉദയാ മോട്ടോർസ് | I |
| 12 | മേൽക്കർ ഫിനാൻസ് ആൻഡ് ലീസിംഗ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 13 | ശ്രീ ഗോകുലം ചിറ്റ്സ് ആൻഡ് ഫിനാൻസ് ലിമിറ്റഡ് മാവേലിക്കര ബ്രാഞ്ച് | I |
| 14 | ഇൻഡസ് ഇൻഡ് ബാങ്ക് | II |
| 15 | ഗീത മെഡിക്കൽസ് | I & II |
| 16 | ജെന്റിൽമാൻ ചിറ്റ് ഫണ്ട് ലിമിറ്റഡ് | I |
| 17 | മുത്തൂറ്റ് ഫിൻകോർപ്പ് | III |
| 18 | കേരള ഹൌസിംഗ് ഫിനാൻസ് | I & II |
| 19 | റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് | I & II |
| 20 | മോർ സൂപ്പർ മാർക്കറ്റ് | II |
| 21 | ന്യൂ ഇൻഡ്യ അഷ്വറൻസ് | I |
| 22 | കോർപ്പറേഷൻ ബാങ്ക് | II |
| 23 | മുത്തൂറ്റ് ഫിൻകോർപ്പ് പുതിയകാവ് | I |
| 24 | യൂണിമണി | I & II |
| 25 | ധനലക്ഷ്മി ബാങ്ക് | I & II |
| 26 | ത്രിവേണി സൂപ്പർമാർക്കറ്റ് | I & II |
| 27 | ബി എസ് എൻ എൽ | I & II |
| 28 | എസ് ബി ഐ റീജണൽ ബിസിനസ്സ് ഓഫീസ് | I & II |
| 29 | എസ്സ് ബി ഐ മെയിൻ ബ്രാഞ്ച് | II |
| 30 | ഓറിയന്റൽ ഇൻഷുറൻസ് മാവേലിക്കര | II |
| 31 | കേരള ബാങ്ക് | I & II |
| 32 | എസ് ബി ഐ RAMSECCC | II |
| 33 | ഗവ.സെർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി A792 | II |
| 34 | ചന്ദ്ര സ്റ്റോർ | I & II |
| 35 | അപരാജിത ഡയഗ്നോസ്റ്റിക് സിനർജീസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 36 | PCARCB Ltd A836 | I |
| 37 | HDFC , രേവതി കോംപ്ലക്സ് | II |
| 38 | സെന്റ് പോൾസ് പ്രിന്റിംഗ് പ്രസ്സ് | I & II |
| 39 | താലൂക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II |
| 40 | ആക്സിസ് ബാങ്ക് | I & II |
| 41 | കേരള മാട്രിമോണി | II |
| 42 | IDBI ബാങ്ക് | I & II |
| 43 | കൊച്ചിൻ എക്സ്പോർട്ട്സ് | I & II |
| 44 | ബജാജ് ആലിയൻസ് ലിമിറ്റഡ് | I & II |

| | | |
|---|---|---|
| 45 | കാത്തോലിക്ക് സിറിയൻ ബാങ്ക് തട്ടാരമ്പലം | I & II |
| 46 | മുത്തൂറ്റ് ഫൈനാൻസിയേഴ്സ് തട്ടാരമ്പലം | I & II |
| 47 | കൊശമറ്റം ഫൈനാൻസ് തട്ടാരമ്പലം | I |
| 48 | ഇൻഡസ് ഇൻഡ് സർവ്വീസസ് ലിമിറ്റഡ് | I & II |
| 49 | മണപ്പുറം ഫിനാൻസ് | II |
| 50 | ലാൽജി മാമൻ ഡിസ്പെൻസറി | I & II |
| 51 | മാവേലിക്കര എയിഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 52 | ബ്ലൂചിപ്പ് കോർപ്പറേറ്റ് | II |
| 53 | IIFI കമ്പ്യൂട്ടർ പാർക്ക് | I & II |
| 54 | അമൃത ഏജൻസീസ് | I & II |

സ്ഥാപനങ്ങളിലെ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം 95 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരങ്ങളുടെ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല. വിവരം രേഖാമൂലം നഗരസഭയെ അറിയിച്ച് നഗരസഭ ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് മേൽ പരാമർശിച്ചിട്ടുള്ള 54 സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കിയത്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-5/19-20 (തീ.18-01-22). തൊഴിൽ നികുതി ഈടാക്കി രസീതിന്റെ/ഡേ ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ആർ വി ബേക്കറി | I & II |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ്, പുതിയകാവ് | II |
| 3 | മുത്തൂറ്റ് ഫിനാൻസിയേഴ്സ് | I & II |
| 4 | HDB ഫിനാൻഷ്യൽ സർവ്വീസസ് | I & II |
| 5 | LSGD സബ്ഡിവിഷൻ | II |
| 6 | SC ST കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 7 | ബൈബിൾ കോളേജ് | II |

| | | |
|---|---|---|
| 8 | ജ്യോതിസ് സ്കൂൾ | I & II |
| 9 | ജോർജിയൻ ഫിനാൻസ് | I & II |
| 10 | പ്രതിഭ തീയേറ്റർ | I & II |
| 11 | കോറൽ ഗ്യാസ് ഏജൻസീസ് | I & II |
| 12 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ് | I & II |
| 13 | മുത്തൂറ്റ് മെർക്കന്റയിൽസ് ലിമിറ്റഡ് | I & II |
| 14 | സപ്ലൈക്കോ പുതിയകാവ് | I & II |
| 15 | ഉദയാ മോട്ടോർസ് | I & II |
| 17 | ഭാസ്കര മൊബൈൽസ് | I & II |
| 18 | മേൽക്കർ ഫിനാൻസ് ആൻഡ് ലീസിംഗ് | I & II |
| 19 | മെക്സ് കോ-ഓപ്പറേറ്റീവ് കോളേജ് | I & II |
| 20 | പി സി ലാൻഡ് കമ്പ്യൂട്ടേഴ്സ് | I & II |
| 21 | ജിയോജിത്ത് സെക്യൂരിറ്റീസ് | I & II |
| 22 | തുവേണി സൂപ്പർ മാർക്കറ്റ് | I & II |
| 23 | വിക്രം സാരഭായി ITC | II |
| 24 | SN ITE | II |
| 25 | സംഗം ടെക്സ്റ്റൈൽസ് | I & II |
| 26 | AVJ ജ്വവലേഴ്സ് | II |
| 27 | ഗീത മെഡിക്കൽസ് | I & II |
| 28 | സ്വപ്ന ജ്വവലറി | I & II |
| 29 | യൂണിയൻ ബാങ്ക് | I & II |
| 30 | കോയർ ഫെഡ് ഷോറൂം | I & II |
| 31 | റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ് | I & II |
| 32 | ഐശ്വര്യ ടെക്സ്റ്റൈൽസ് | I & II |
| 33 | മെഡിസിറ്റി ഇന്റർനാഷണൽ അക്കാദമി | II |
| 34 | ബി.എസ്സ് എൻ.എൽ | I &II |
| 35 | SBI മെയിൻ | II |
| 36 | ഓറിയന്റൽ ഇൻഷുറൻസ് | II |
| 37 | PCARCB ഥഊഞ്ഞ | I |
| 38 | അഡീഷണൽ ജില്ലാ കോടതി I | II |
| 39 | താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി | I &II |
| 40 | ഒഫീഷ്യൽ റിസീവർ ഓഫീസ് മാവേലിക്കര | I &II |
| 41 | കോൺകോഡ് മോട്ടോർസ് | II |
| 42 | സെന്റ് പോൾസ് പ്രിന്റിംഗ് പ്രസ്സ് | I &II |

| | | |
|---|---|---|
| 43 | SK എഡ്യൂക്കേഷൻ സർവ്വീസസ് | II |
| 44 | ആക്സിസ് ബാങ്ക് | I &II |
| 45 | KSFE കണ്ടിയൂർ | II |
| 46 | കൊശമറ്റം ഫിനാൻസ് കണ്ടിയൂർ | II |
| 47 | HDB ഫിനാൻഷ്യൽ സർവ്വീസസ് | I &II |
| 48 | ICL ഫിൻകോർപ്പ് | II |
| 49 | സൌപർണ്ണിക ഹോം സെന്റർ | I& II |
| 50 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | I& II |

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-06/19-20 ന് 27/01/22 ൽ നഗരസഭ ലഭ്യമാക്കിയ മറുപടികൂടി പരിഗണിച്ചാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## 1-12 സതേൺ റെയിൽവേ തിരുവനന്തപുരം ഡിവിഷനിൽ നിന്നും ലഭിക്കേണ്ടതായ മുഴുവൻ തൊഴിൽ നികുതിയും ലഭിച്ചിട്ടുണ്ടോയെന്ന് നഗരസഭക്ക് ഉറപ്പാക്കാനായില്ല

മാവേലിക്കര റെയിൽവേ സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി നഗരസഭയ്ക്ക് NEFT ആയി ലഭിക്കുന്നുണ്ട്. എന്നാൽ ഇതൊടൊപ്പം ജീവനക്കാരുടെ പട്ടികയോ അനുബന്ധ അർദ്ധവാർഷിക ശമ്പള വിവരങ്ങളോ സതേൺ റെയിൽവേ, തിരുവനന്തപുരം ഡിവിഷൻ ലഭ്യമാക്കുന്നില്ല. ഇത് മൂലം മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന റെയിൽവേയുടെ കൊമേഴ്സ്യൽ, ടെക്നിക്കൽ വിഭാഗങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. മേൽ പറഞ്ഞ വിഭാഗങ്ങൾക്ക് പുറമെ പി-വേ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഓഫീസും സ്റ്റേഷൻ പരിസരത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിരവധി ലെവൽ ക്രോസ്സുകളും ഗ്യാങ്മാൻ കാബിനുകളും നഗരസഭ പ്രദേശത്തുണ്ട്. ആയതിനാൽ റെയിൽവേയുടെ മുഴുവൻ വിഭാഗങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയെന്ന് ഉറപ്പ് വരുത്തുന്നതിന് സ്റ്റേഷനിലെ വിവിധ ഓഫീസ് മേലധികാരികളിൽ നിന്നും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് നഗരസഭ സൂക്ഷിക്കേണ്ടതാണ്. നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 കുത്തകലേലം- ലേലത്തുകകൾ നാളിതുവരെ ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷം നടത്തിയ ലേലനടപടികളിൽ ലേലത്തുക ഈടാക്കാൻ ഓഡിറ്റ് തീയതിയിലും അവശേഷിക്കുന്ന ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കണ്ടിയൂർ ഇറച്ചി സ്റ്റാൾ

| ക്രമ നമ്പർ | ലേലം കൈക്കൊണ്ട ആളിന്റെ വിലാസം | ലേല ത്തുക | അടവാക്കിയ തുക | അവശേഷിക്കുന്ന ലേലത്തുക | ജി.എസ്.റ്റി | ആകെ |
|---|---|---|---|---|---|---|
| 1 | കൊച്ചുമോൻ പുത്തൻ കണ്ടത്തിൽ കായംകുളം | 40500 | 16000+ ജി.എസ്.റ്റി | 24500 | 4410 | 28910 |
| കണ്ടിയൂർ ചന്ത ഫീസ് | | | | | | |
| 2 | വിനയൻ വിവേക് ഭവൻ മാവേലിക്കര | 16400 | 5467+ ജി.എസ്.റ്റി | 10933 | 1968 | 12901 |
| മുൻസിപ്പൽ പാർക്ക് ഫീസ് പിരിവ് | | | | | | |
| 3 | ദേവലാൽ കൈലാസമഠം കണടിയൂർ മാവേലിക്കര | 42700 | 31133+ ജി.എസ്.റ്റി | 11567 | 1968 | 13535 |

ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തി മതിപ്പ് വിലയുടെ 1% നിരതദ്രവ്യമായി ഒടുക്കേണ്ടാതാണെന്നും, വിജയിയായ ആൾ ലേല നോട്ടീസിലെ നിബന്ധനകൾ പ്രകാരം ബാക്കി തുക ഒടുക്കേണ്ടാതാണെന്നും ഉള്ള നിയമങ്ങൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. നിരദ്രവ്യം ഒടുക്കാതെ കക്ഷികളെ ലേലത്തിൽ പങ്കെടുപ്പിച്ചതും അവർക്ക് ലേലം ഉറപ്പിച്ച് നൽകിയതും അധികൃതരുടെ നടപടികളിന്മേലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അവശേഷിക്കുന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-14 ടൌൺ ഹാൾ, കോൺഫറൻസ് ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച രേഖകൾ ശരിയായ തരത്തിൽ സൂക്ഷിക്കുന്നില്ല.

2019-20, സാമ്പത്തിക വർഷം ടൌൺഹാൾ, കോൺഫറൻസ് ഹാൾ എന്നിവയിൽ നിന്ന് താഴെപ്പറയും പ്രകാരമുള്ള തുകകൾ വാടക ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**2019-20**

| | |
|---|---|
| ടൌൺഹാൾ | 97,000 |
| കോൺഫറൻസ് ഹാൾ | 1,18,500 |

തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട് അപേക്ഷകളും, രജിസ്റ്ററുകളും അടിയന്തിരമായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (16/19.01.2022). കണക്കുകളുടെ കൃത്യത ബോധ്യപ്പെടുന്നതിന് സാധ്യമായ തരത്തിൽ ഹാജരാക്കിയ രജിസ്ററിൽ കണക്കുകൾ എഴുതി തയ്യാറാക്കുകയോ അപേക്ഷകൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകൾ, കണക്കുകൾ വ്യക്തമാക്കുന്ന തരത്തിൽ എഴുതി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-15 വിനോദ നികുതി : 2020 മാർച്ച് മാസത്തിലെ വിനോദ നികുതി ഈടാക്കിയില്ല

കേരള ഫിനാൻസ് ആക്ട് 2019 പ്രകാരം തീയേറ്റർ ഉടമകൾ ജി.എസ്.റ്റി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്. നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് വിനോദനികുതി നിരക്ക്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററുകളിൽ നിന്നും 2020 മാർച്ച് മാസത്തിലെ വിനോദ നികുതി നഗരസഭയിൽ ഒടുക്കിയിട്ടില്ല. മാർച്ച് മാസം കോവിഡ് 19 മഹാവ്യാധി കാരണം തീയേറ്ററുകൾ മാർച്ച് 11 മുതൽ അടച്ചിരുന്നു. 2020 മാർച്ചിൽ ഫയൽ ചെയ്ത ജി.എസ്.ടിക്ക് അനുസൃതമായ വിനോദനികുതി നഗരപ്രദേശത്തെ തീയേറ്ററുകളായ സന്തോഷ്, സാന്ദ്ര, വള്ളക്കാലിൽ, പ്രതിഭ എന്നിവയുടെ ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-16 സ്ക്രാപ്പുകളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല.

2019-20 സാമ്പത്തിക വർഷം സ്ക്രാപ്പുകളുടെ ലേലവുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം സ്ക്രാപ്പ് ഇനത്തിൽ 87580 രൂപ ലഭിച്ചിട്ടുണ്ടെന്ന് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അടിയന്തിരമായി ഹാജരാക്കുന്നതിന് 17.01.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും അധികൃതർ ലേല രേഖകൾ ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മുറിച്ച് മാറ്റിയ മരത്തിന്റെ തടി ലേലം ചെയ്ത് വരുമാനം നഗരസഭയിൽ മുതൽ കൂട്ടിയിട്ടില്ല .

തനതു ഫണ്ട് ചെലവ് രേഖകൾ പരിശോധിച്ചതിൽ ,29-05-2019 ലെ ചെക്ക് നം .109653/ പ്രകാരം 7500/- രൂപ , ഗവ . ബോയിസ് ഹൈസ്കൂളിന്റെ പരിസരത്തെ തേക്ക് മരം മുറിച്ച് മാറ്റിയതിനും ആൽ മരത്തിന്റെ ശിഖിരം മുറിച്ച് മാറ്റിയതിനും

പണിക്കൂലിയായി നൽകിയിട്ടുണ്ട്. ഈ തേക്കിന്റെ വാല്യുവേഷൻ എടുത്തിട്ടുണ്ടോ? തടിയുടെ ലേലം നടത്തി വരുമാനം നഗരസഭയിൽ മുതൽ കൂട്ടിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം – 08/2019-20 ) മറുപടി നൽകിയിട്ടില്ല . ഇത് സംബന്ധിച്ച ഫയൽ നം.എച്ച് 1 – 6028/19 പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 7500/- രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു . രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുക.

## 1-18 റിസ്റ്റൊറേഷൻ ചാർജ്ജ് 1,77,645/-രൂപ കുറവായി ഈടാക്കി

ഫയൽ നം.ഇ1/5950/19

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കമ്പനി നഗരസഭാപരിധിയിലുള്ള വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് കട്ട് ചെയ്യുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്.35 പോളുകൾ കോൺക്രീറ്റ് റോഡിലും 479 പോളുകൾ ടാർ റോഡിലും നിർമ്മിക്കുന്നതിനാണ് കമ്പനി അപേക്ഷ നൽകിയിട്ടുള്ളത്.പ്രസ്തുത ഫയൽ വിശദമായി പരിശോധിച്ചതിൽ റിസ്റ്റൊറേഷൻ വിഡ്ത്ത് കണക്കാക്കി റേറ്റ് നിശ്ചയിച്ചതിൽ താഴെപ്പറയും പ്രകാരംഅപാകത കാണുന്നു.

ജി.ഒ.(ആർ.റ്റി.)നം.30/2018/പി.ഡബ്ല്യു.ഡി, തീയതി 05/01/2018 പ്രകാരം "Restoration Width Should Be Calculated As 1.50 Times The Trench Width Excavated For Laying The Pipes.". ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ അപേക്ഷ പ്രകാരം 40 Mm വിഡ്ത്താണ് ട്രെഞ്ച് വിഡ്ത്തായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം 40mm*1.50= 60 Mm വിഡ്ത്താണ് റിസ്റ്റൊറേഷൻ വിഡ്ത്തായി കണക്കാക്കി ചാർജ്ജ് കണക്കാക്കേണ്ടത്. എന്നാൽ കോൺക്രീറ്റ് റോഡിന് മാത്രമാണ് മേൽപ്പറഞ്ഞപ്രകാരം റേറ്റ് നിശ്ചയിച്ചിട്ടുള്ളതെന്ന് കാണുന്നു.ടാർ റോഡിന് ട്രെഞ്ച് വിഡ്ത്ത് മാത്രമെടുത്താണ് റേറ്റ് നിശ്ചയിച്ചിട്ടുള്ളത്.റേറ്റ് നിശ്ചയിച്ചതിലെ അപാകതകൾ കാരണം1,77,645/-രൂപ നഗരസഭയ്ക്ക് നഷ്ടമായി.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫയൽ പ്രകാരം ഡിമാന്റ് ചെയ്ത റേറ്റ്

കോൺക്രീറ്റ് റോഡുകളിലെ പോളുകളുടെ എണ്ണം =35എണ്ണം

കട്ടിംഗ് ഏരിയ = 35*.60*.60 =12.60 M2

ഈടാക്കിയ ചാർജ്ജ്= 12.60*5473.44/m2=Rs.68965.34

ടാർ റോഡിലെ പോളുകളുടെ എണ്ണം=479എണ്ണം

കട്ടിംഗ് ഏരിയ = 479*.40*.60 =114.96 M2

ഈടാക്കിയ ചാർജ്ജ്= 114.96*3090.57/m2=Rs.355291.92

ആകെ = 355291.92+68965.34 =4,24,257.92തുക

ഡിമാന്റ് ചെയ്യേണ്ട റേറ്റ്

കോൺക്രീറ്റ് റോഡുകളിലെ പോളുകളുടെ എണ്ണം =35എണ്ണം

കട്ടിംഗ് ഏരിയ = 35*.60*.60 =12.60 M2

ഈടാക്കേണ്ട ചാർജ്ജ്= 12.60*5473.44/m2=Rs.68965.34

ടാർ റോഡിലെ പോളുകളുടെ എണ്ണം =479എണ്ണം

കട്ടിംഗ് ഏരിയ = 479*.60*.60 =172.44 M2

ഈടാക്കേണ്ട ചാർജ്ജ് = 172.44*3090.57/m2=Rs.532937.89

ആകെ = 532937.89 +68965.34 =6,01,903.23

കുറവായി ഈടാക്കിയത് - 6,01,903.231-4,24,257.92=1,77,645/-രൂപ.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം .7തീയതി22.01-2022) മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പൽ എഞ്ചിനിയർ തെറ്റായി റേറ്റ് നിശ്ചയിച്ച് നൽകിയതുമൂലമാണ് റോഡ് കട്ടിംഗ് ചാർജ്ജ് കുറവായി ഡിമാന്റ് ചെയ്തിട്ടുള്ളത്. 1,77,645/-രൂപ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിൽ നിന്ന് ഈടാക്കാത്തപക്ഷം വരുമാനചോർച്ചയ്ക്ക് ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനിയറിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

## 1-19 'ടൈനി മോഡേൺ സ്ലോട്ടർ ഹൌസ് -പദ്ധതി നടപ്പായില്ല, നഗരസഭയ്ക്ക്

## 89,76,579/-രൂപയുടെ ബാധ്യത

നഗരസഭയുടെ വികസനമാതൃകയായി നിലനിൽക്കേണ്ട "ടൈനി മോഡേൺ സ്ലോട്ടർ ഹൌസ്" എന്ന പദ്ധതി നിലവിലും ആരംഭിക്കാൻ നഗരസഭയ്ക്കുകഴിഞ്ഞിട്ടില്ല. ശുചിത്വമിഷൻ ഫണ്ടും നഗരസഭാ ഫണ്ടും ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത പദ്ധതിക്ക് മിഷനിൽ നിന്നും എസ്റ്റിമേറ്റിനനസൃതമായ ഫണ്ട് ലഭിച്ചിട്ടും സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി തുടങ്ങിവെക്കാൻ പോലും കഴിയാതെ 89,76,579/-രൂപ(പലിശഉൾപ്പടെ) നഗരസഭാ അക്കൌണ്ടിൽ ബാധ്യതയായി നിൽക്കുന്നു. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 2010 ൽ 9,50,000/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം, ആധുനിക അറവുശാലയാക്കി മാറ്റുവാനാണ് ശുചിത്വ മിഷനിൽ നഗരസഭ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നത്. 28.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വമിഷനിൽ നിന്ന് അംഗീകാരം, സാങ്കേതിക അനുമതി എന്നിവ വാങ്ങി, 14.20ലക്ഷം രൂപ (എസ്റ്റിമേറ്റ് തുകയുടെ 50%) മിഷനിൽ നിന്ന് അനുവദിക്കുകയും ടി തുക നഗരസഭയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ടിൽ (നം.4314001000053596) 12-01-2011 ൽ ക്രഡിറ്റ് ചെയ്തു. തുടർന്ന് നഗരസഭ ഫണ്ട് കണ്ടെത്താൻ കഴിയാത്തതിനാൽ പ്രവർത്തി ആരംഭിച്ചില്ല. പിന്നീട് 30-09-2015 ൽ നഗരസഭ നൽകിയ 60,00,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ശുചിത്വമിഷൻ അംഗീകരിച്ച് 31-12-2015 ലെ 25ാം നം.കൌൺസിൽ തീരുമാനപ്രകാരം ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റിലും 9.99% കുറഞ്ഞനിരക്കിലുള്ള ശ്രീ.എൻ.വിജയൻ, കല്ലുമല എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് 9-12-2016 ൽ എഗ്രിമെന്റും വെച്ചു(68/ME/LSGD/MVK/MLTY). എന്നാൽ നിലവിലുള്ള കെട്ടിടം ശുചിത്വ മിഷൻ മാനദണ്ഡമനുസരിച്ച് പുതുക്കിപണിയാൻ കഴിയുമോ എന്ന കാര്യത്തിൽ സാങ്കേതിക ഉപദേശം ലഭിക്കുന്നതിനായി 20-05-2017 ൽ ശുചിത്വമിഷനെ സമീപിക്കുകയും പരിശോധനയിൽ അറവുശാലകളുടെ നിലവിലുള്ള നിയമങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ കെട്ടിടത്തിന്റെ 90മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലെന്നും ഹസാർഡസ് ഒക്യുപെൻസി ആയതിനാൽ KMBRചട്ടങ്ങൾ പാലിക്കേണ്ടതാണെന്നും അറിയിച്ചു. 25 മീറ്റർ പരിധിയിൽ വാസഗൃഹങ്ങൾ ഉള്ളതിനാലും KMBR59(3),59(4)ചട്ടങ്ങൾ പാലിക്കുന്നില്ലായെന്നുമുള്ള കണ്ടെത്തലിനെയും തുടർന്ന് ടി സ്ഥലത്ത് നിർമ്മാണം അനുയോജ്യമല്ലെന്നും ആധുനിക രീതിയിലുള്ള അറവുശാല പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കൌൺസിൽ തീരുമാനിച്ചു.(28-03-2018 ലെ 8ാം നം.തീരുമാനം). പദ്ധതിയുടെ ആരംഭഘട്ടത്തിലും 90 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങൾ പാടില്ലായെന്നുള്ള നിബന്ധന/കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ ബാധകമായിരുന്നില്ലേ? നഗര വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?, അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രോജക്ട് വെക്കുന്നതും ,നഗരസഭയുടെ ബാധ്യത സംബന്ധിച്ചും കൌൺസിൽ ചർച്ച ചെയ്തിട്ടുള്ളതിന്റെവിവരങ്ങൾ?നഗരസഭ മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി എന്നിവ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19-20 തീയതി 24-01-2022) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൌണ്ട് നം.431400100053596 -ൽ ശുചിത്വമിഷനിൽ നിന്ന് ലഭിച്ച 74,20,000/-രൂപയും നാളിതുവരെയുള്ള പലിശ 15,56,579/-രൂപയും ഉൾപ്പടെ 89,76,579/- രൂപ 31-03-2021 ൽ നിഷ്ക്രിയമായി തുടരുന്നു. ഭാവിയിൽ പലിശ ഉൾപ്പടെ വലിയ തുകയാണ് നഗരസഭ ക്ക് ബാധ്യതയായിമാറുന്നത്. ആകയാൽ ആധുനിക അറവുശാലക്കായി എത്രയും വേഗം സ്ഥലം കണ്ടെത്തി ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയോ തുക പലിശ സഹിതം മിഷനിൽ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 പെൻഷൻ ഫണ്ട് - ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല .

റഗുലർ ജീവനക്കാരുടെ പെൻഷൻ ലഭ്യമാക്കുന്നതിനായി മാവേലിക്കര IDBI ബാങ്കിൽ അക്കൗണ്ട് (നം.61056) നിലവിലുണ്ട്. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും പെൻഷൻ ആവശ്യത്തിനല്ലാതെ മറ്റ് ഇതര ആവശ്യങ്ങൾക്കുള്ള ഇടപാടുകളും ഈ അക്കൗണ്ട് വഴി നടത്തുന്നതായി കാണുന്നു. 1996 ലെ കേരള മുനിസിപ്പാലിറ്റി ( ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻ ഫണ്ടിനായി രൂപീകരിക്കുന്ന അക്കൗണ്ട് പെൻഷൻ ആവശ്യത്തിന് മാത്രമായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ മറ്റ് ഇതര ആവശ്യങ്ങൾക്കുള്ള വരവും ചെലവും ഉൾപ്പെടെയുള്ള ഇടപാടുകൾ ഈ അക്കൗണ്ട് വഴി നിർവഹിക്കുന്നത് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 ന്റെ ലംഘനമാണ് .

2019-20 സാമ്പത്തിക വർഷത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ (ചട്ടം 06 പ്രകാരം രൂപീകരിക്കുന്ന) നിന്ന് തുകയൊന്നും നഗരസഭക്ക് അനുവദിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ നഗരകാര്യ ഡയറക്ടറുടെ 05-05-2020 ലെ പി 6 -18226/16 നമ്പർ ഉത്തരവ് പ്രകാരം 39,13,687/- രൂപ അനുവദിച്ചിട്ടുണ്ട് .

2020-21 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/20-21 ന് നൽകിയ വിശദീകരണത്തിൽ നഗരസഭ അറിയിച്ചിട്ടുണ്ട് . ഈയിനത്തിൽ 374669/- രൂപ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാൻ കുടിശ്ശിക

നിലനിൽക്കുന്നതായും നഗരസഭ അറിയിച്ചിട്ടുണ്ട്. ചട്ടം 8 (4) പ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ള കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ലഭ്യമാക്കാനായി നഗരസഭയിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല . 1997 ലെ കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ( ഡെത്ത് കം റിട്ടയർമെന്റ് ബനിഫിറ്റ് ) റൂൾസ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% മാസ വിഹിതമായി ഈടാക്കി മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ അടക്കേണ്ടതാണ്. എന്നാൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയോ ഇപ്രകാരമുള്ള നടപടിക്രമം പാലിക്കുകയോ ചെയ്തിട്ടില്ല .

## 1-21 കോൺട്രിബ്യൂട്ടറി പെൻഷൻ - കുടിശ്ശികയിനത്തിൽ നഗരസഭക്ക് ബാദ്ധ്യത നിലനിൽക്കുന്നു .

നഗരസഭയിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ 17 റഗുലർ ജീവനക്കാരും 16 കണ്ടിജന്റ് ജീവനക്കാരും നിലവിലുണ്ട്. പ്രാൺ നമ്പർ ലഭിക്കുന്നതിന് മുമ്പ് ചില ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം നിലവിലും അടക്കാത്തതായി ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമാകുന്നു. നിലവിലും കുടിശ്ശിക അടക്കാനുള്ള ജീവനക്കാരുടെ പേര്, ഏത് കാലയളവിലെ വിഹിതം, തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.(നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം)

| ജീവനക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|
| ലാലി .വി . | 02/2014 മുതൽ 09/2016 വരെ | 57359 |
| റഷീദ് കുഞ്ഞ് പി .എം . | ടി | 57285 |
| നവാസ് . എച്ച് . | 05/2014 മുതൽ 09/2016 വരെ | 50231 |
| ജിസ്സി .എസ്. | 01/2014 മുതൽ 09/2016 വരെ | 55721 |
| ലക്ഷ്മി . വി. | 10/2014 മുതൽ 09/2016 വരെ | 45735 |
| ജ്യോതി .എസ് | 10/2014 മുതൽ 09/2016 വരെ | 45735 |
| അശ്വിൻ . വി .സുകു | 02/2019 മുതൽ 09/2020 | 43898 |
| അലീഷ ലത്തീഫ് | 08/2019 മുതൽ 09/2020 | 24182 |
| അനിത .എ.എസ് . | 02/2020 മുതൽ 04/2020 | 6902 |

| | | |
|---|---|---|
| പാർവതി . എസ് . | 02/2021 മുതൽ 09/2021 | 20415 |
| സ്മിത രവീന്ദ്രനാഥൻ പിള്ള | 06/2020 മുതൽ 09/2020 | 7032 |
| അശ്വതി . ജി .ശിവൻ | 05/2020 മുതൽ 09/2020 | 10341 |
| കിഷോർ .ഡി . | 01/2021 | 2160 |
| വൃന്ദ ബാബു | 08/2021 -10/2021 | 4842 |
| പ്രിയപിള്ള പരമേശ് | 09/2021 - 12/2021 | 9831 |
| രവീന്ദ്രൻ . കെ . | 02/2018 -09/2020 | 63522 |

ആകെ 505191

മേൽ സൂചിപ്പിച്ചിട്ടുള്ള തുക ദേശീയ പെൻഷൻ പദ്ധതിയിൽ അടക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. പ്രിയ പിള്ള പരമേശ് എന്ന ജീവനക്കാരിക്ക് നിലവിലും പ്രാൺ നമ്പർ ലഭിച്ചിട്ടില്ല . ടി ജീവനക്കാരിക്ക് പ്രാൺ നമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് .

## 1-22 പരസ്യച്ചാർജ്ജിനത്തിൽ അധികത്തിൽ തുക ചെലവഴിച്ചിരിക്കുന്നു .

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് -ഡി ) വകുപ്പിന്റെ 01-01-2004 ലെ ഉത്തരവ് (അച്ചടിച്ചത് ) 01/04 ഐ ആന്റ് പി ആർ , 21-06-2004 ലെ സർക്കുലർ നം . 7441/ഡി-1/04/ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ (8X3 = 24 Sqcm) മാത്രമായിരിക്കണം പ്രസിദ്ധീകരിക്കേണ്ടതെന്നും പരസ്യത്തിന്റെ പൂർണരൂപം വെബ്സൈറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട് . ചെക്ക് നം - 111795/ 12 – 07- 2019 പ്രകാരം 9691 രൂപ പിൻവലിച്ച് മംഗളം ദിനപ്പത്രത്തിന് പരസ്യച്ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്. പരസ്യത്തിന്റെ വിസ്തൃതി വിൻഡോ പരസ്യത്തിന്റെ അളവായി നിജപ്പെടുത്തിയിട്ടുള്ള 24 സെ.മീ സ്ക്വയറിൽ അധികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം ./തീയതി | യൂണിറ്റ് നിരക്ക് | പരസ്യത്തിന്റെ വിസ്തൃതി | ഇൻവോയിസ് പ്രകാരമുള്ള ആകെത്തുക | നല്കേണ്ട തുക | അധികത്തിൽ നല്കിയ തുക |
|---|---|---|---|---|---|
| MDK –15559/2019/ 28- 02-19 | രേഖപ്പെടുത്തിയിട്ടില്ല . | 8x5=40 സെ.മീ.സ്ക്വയർ | 2600<br>Tax5% =130<br>ആകെ = 2730 | 24x65=1560<br>Tax5% = 78<br>ആകെ = 1638 | 2730 – 1638 =1092 |
| MDK –15401/2019/ | രേഖപ്പെടുത്തിയിട്ടില്ല . | 8x5=40 സെ.മീ.സ്ക്വയർ | 2600<br>ഡിസ്കൗണ്ട് | 24x65=1560<br>ഡിസ്കൗണ്ട് 15% = 234 | 2320-1392=928 |

| | | | | | |
|---|---|---|---|---|---|
| 24-02-19 | | | 15%-390<br>ടാക്സ് 5% =110 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ )<br>ആകെ =2600-390+110 = 2320 | ടാക്സ് 5% = 66 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ )<br>ആകെ =1560-234+66=1392 | |
| MDK – 15106/19 /16-02-19 | രേഖപ്പെടുത്തിയിട്ടില്ല . | 8x5=40 സെ.മി.സ്ക്വയർ | 2600<br>ഡിസ്കൗണ്ട് 15%-390<br>ടാക്സ് 5% -110 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ )<br>ആകെ =2600-390+110 = 2320 | 24x65=1560<br>ഡിസ്കൗണ്ട് 15% = 234<br>ടാക്സ് 5% = 66 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ )<br>ആകെ =1560-234+66=1392 | 2320-1392=928 |
| MDK – 15257/19/ 21-02-19 | രേഖപ്പെടുത്തിയിട്ടില്ല . | 8x5=40 സെ.മി.സ്ക്വയർ | 2600<br>ഡിസ്കൗണ്ട് 15%-390<br>ടാക്സ് 5% -110 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ )<br>ആകെ =2600-390+110 = 2320 | 24x65=1560<br>ഡിസ്കൗണ്ട് 15% = 234<br>ടാക്സ് 5% = 66 ( ഡിസ്കൗണ്ട് കഴിച്ചുള്ള തുകയുടെ )<br>ആകെ =1560-234+66=1392 | 2320-1392=928 |

ആകെ 3 876

അപാകതക്ക് വിശദീകരണം തേടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം - 08/2019-20) മറുപടി ലഭ്യമാക്കിയില്ല . ഇപ്രകാരം സർക്കാർ നിർദ്ദേശം പരിഗണിക്കാതെ പരസ്യം നൽകുന്ന നടപടി ഒഴിവാക്കേണ്ടതാണ് .

## 1-23 നഗരസഭയുടെ വാഹനങ്ങൾ കാര്യക്ഷമമായി പരിപാലിക്കുന്നില്ല .

നഗരസഭ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ സംബന്ധിച്ച് ലഭ്യമാക്കിയ ഫയൽ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 2019-20 കാലയളവിൽ ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റിംഗ്, ഇൻഷ്വറൻസ് പുതുക്കൽ എന്നിവ നടന്നതിന്റെ രേഖകൾ ലഭിച്ചിട്ടില്ല. ലോഗ് ബുക്കിൽ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് പതിക്കുന്നില്ല. ഇന്ധന

ഉപഭോഗത്തിന്റെ കൃത്യത പരിശോധിച്ച് ലോഗ് ബുക്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| വാഹനത്തിന്റെ നമ്പർ | അപാകത |
|---|---|
| KL31A-8804 ,ടിപ്പർ ലോറി | 05/2009ൽ വാങ്ങിയിട്ടുള്ള ഈ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിലോ ഫയലിലോ ഇല്ല. ഇൻഷ്വറൻസ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| KL31-N-1842 , മഹീന്ദ്ര ബൊലീറോ പിക് അപ് വാൻ | 03/ 2019 ൽ വാങ്ങിയിട്ടുള്ള ടി വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നാളിതുവരെ നടത്തിയിട്ടില്ല. ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| KL04Q – 452 , ട്രാക്ടർ | 05/2006 ൽ വാങ്ങിയിട്ടുള്ള ടി വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിലോ ഫയലിലോ ഇല്ല. ഇൻഷ്വറൻസ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തുന്നില്ല. മുനിസിപ്പൽ സെക്രട്ടറിയുടെ 14-01-22 ലെ എച്ച് 1-5722/04 നം കത്ത് പ്രകാരം ടി വാഹനം കണ്ടം ചെയ്ത് |

| | |
|---|---|
| | വിൽക്കുന്നതിന് വില തിട്ടപ്പെടുത്തി നല്കാൻ അസി. എക്സി.എഞ്ചിനീയർ , പി .ഡബ്ല്യൂ .ഡി . സെക്ഷന് കത്ത് നൽകിയിട്ടുണ്ട് . തുടർനടപടികളുടെ വിവരം ലഭ്യമല്ല. |
| KL-31F-3013 , ജീപ്പ് | 04/2013ൽ വാങ്ങിയിട്ടുള്ള ടി വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിലോ ഫയലിലോ ഇല്ല. ഇന്ധന ഉപഭോഗത്തിന്റെ കൃത്യതാ പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തുന്നില്ല . |
| KL310-3435 , മാരുതി സ്വിഫ്റ്റ് ഡിസയർ | ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിലോ ഫയലിലോ ഇല്ല. ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല . |
| KL-31-N-696 , ഫോഡ് ഇക്കോസ്പോട് | 03/2019 ൽ വാങ്ങിയിട്ടുള്ള ടി വാഹനത്തിന്റെ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല . |

വാഹനവുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക് ഒഴികെ മറ്റ് രജിസ്റ്ററുകൾ ഒന്നും സൂക്ഷിച്ചിട്ടില്ല. 2000 ത്തിലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഓരോ വാഹനം സംബന്ധിച്ചും ചുവടെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് .

. I ) ലോഗ് ബുക്ക്

Ii) പെട്രോൾ , ഡീസൽ , ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്

Iii) റിപ്പയർ രജിസ്റ്റർ

Iv)സ്റ്റോക്ക് രജിസ്റ്റർ

V) ഫ്യൂവൽ രജിസ്റ്റർ

വാഹനങ്ങൾ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും ഫയലുകളും ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-24 മഴക്കാലപൂർവശുചീകരണം -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

2019-20 വർഷം മഴക്കാലപൂർവശുചീകരണം നടത്തുന്നതിനായി ലഭിച്ച തുക ശുചിത്വ മിഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു. ബിംസ് അലോട്ട്മെന്റ് പ്രകാരം 18.1.2020 ൽ ലഭിച്ച 2,80,000 രൂപ 19.2.2020 ൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും 24.4.2020 ൽ ചെലവഴിക്കുകയും ചെയ്തു. വാർഡ് സാനിട്ടേഷൻ സമിതിക്ക് കൈമാറിയ തുകയുടെ ചെലവ് സംബന്ധിച്ച വൗച്ചറുകൾ, പാസ്സ് ബുക്കുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (39/2020-21)നൽകിയിരുന്നെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 280000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ, സൂപ്രണ്ട്,ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി എന്നിവർ മുഖേന നടപ്പാക്കിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ പ്രകാരം മുൻകൂറായി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായി മരുന്നുകൾ ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ)2019-20 വർഷം, ആയുർവേദ മെഡിക്കൽ ഓഫീസർ മുഖേന ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക മുൻകൂറായി ചെലവഴിച്ചിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | മുൻകൂറായി നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|
| ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0047/21) | 150000 (ബിൽ നം.2/30.7.19) | 137430 | 12570 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/20.1.2022)ഹോംകോ മറുപടി ലഭ്യമാക്കിയിരുന്നു. പ്രസ്തുത മറുപടിയിൽ മരുന്നുകളുടെ കുറവ് മൂലമാണ് സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ 12570 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി)2019-20 വർഷം മാവേലിക്കര ജില്ലാ ആശുപത്രി സൂപ്രണ്ട് മുഖേന നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിലും മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് തുക മുൻകൂറായി ചെലവഴിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | ഇനം | തുക | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് | അലോപ്പതി മരുന്നുകളുടെ വില | 60000 | 214377/-(ബിൽ നം.8/9.3.2020) |
| ഔഷധി | ആയുർവേദ മരുന്നുകളുടെ വില | 10000 | |
| ഹോംകോ,ആലപ്പുഴ | ഹോമിയോ മരുന്നുകളുടെ വില | 10000 | |

| | | |
|---|---|---|
| കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് | കിടപ്പ് രോഗികൾക്ക് സപ്പോർട്ടീവ് എക്യൂപ്മെന്റ്സ് | 28960 |
| കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് | ഫിസിയോ തെറാപ്പി എക്യുപ്മെന്റ്സ് | 105417 |

എന്നാൽ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/21.1.2022) മറുപടി ലഭ്യമാക്കിയില്ല. 80,000/-രൂപയുടെ മരുന്നുകൾ, 134377 രൂപയുടെ ഉപകരണങ്ങൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. അത് വരെ ആകെ ചെലവ് തുക 214377 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 എയറോബിക് കംപോസ്റ്റ് നിർമ്മാണം- അപാകതകൾ

പ്രോജക്ട് നം.SO 216/19

ഫയൽ നം.E1-9706/17

കരാറുകാരന്റെ പേര് ;- ഷാജിലാൽ.വി

ബിൽ നം.5 19-20 തീയതി 30-04-2019 തുക 2,88,186/-

മുനിസിപ്പൽ ബസ്സ് സ്റ്റാന്റിൽ എയറോബിക് കംപോസ്റ്റ് നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക ചെലവഴിച്ചു

എം.ബുക്ക് പേജ് നം 3 പ്രകാരം,എസ്റ്റിമേറ്റിലെ രണ്ടാം ഇനമായ" Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering-All Work Up To Plinth Level 1:4:8( Graded Stone Aggregate 40 Nominal Size)" എന്ന പ്രവൃത്തിക്ക് 2.049 M3 ക്വാണ്ടിറ്റിയാണ് ചെക്ക് മെഷർ ചെയ്തിട്ടുള്ളത്. എന്നാൽ എം.ബുക്ക് പേജ് നം. 22 പ്രകാരം പ്രസ്തുത ഇനത്തിന് 2.625 M3 ന് 7068.31/m3 നിരക്കിൽ തുക അനുവദിച്ചു നൽകി.2.625x7068.31-2049x7068.31=4071/- രൂപ ഇപ്രകാരം അധികം നൽകാനിടയായി. അധികം നൽകിയ തുക 4071/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2 വേസ്റ്റ് വാട്ടർ കളക്ഷൻ ടാങ്ക്

എസ്റ്റിമേറ്റിലെ 17 ാംമത് ഇനമായി യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വേസ്റ്റ് വാട്ടർ കളക്ഷൻ ടാങ്ക് സ്ഥാപിച്ചിട്ടില്ല. നേരിട്ട് യൂണിറ്റ് പരിശോധിച്ചതിൽ മാലിന്യങ്ങളിൽ നിന്ന് ഊറിവരുന്ന ദ്രവം വീണ് കമ്പികൾ തുരുമ്പിച്ച് പൊട്ടി തുടങ്ങിയതായും ദുർഗന്ധം വമിക്കുന്ന അവസ്ഥയിലും കാണപ്പെട്ടു. പ്രോജക്ടിൽ വേസ്റ്റ് വാട്ടർ ടാങ്ക് ഉൾപ്പെടുത്തിയിരുന്നിട്ടും ആയത് ഒഴിവാക്കി പ്രവർത്തി നടത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.തീയതി)മറുപടി ലഭ്യമാക്കിയില്ല.എസ്റ്റിമേറ്റിൽ 11000/-രൂപ മാത്രം വകയിരുത്തിയിരുന്ന പ്രസ്തുത ഇനം ഒഴിവാക്കിയതിനാൽ എയറോബിക് കംപോസ്ററ് യൂണിറ്റിന്റെ ഓരോ കംപാർട്ട്മെന്റിലേയും കമ്പികൾ തുരുമ്പെടുത്ത് യൂണിറ്റ് നശിക്കുവാൻ ഇടനൽകുന്നു.പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-27 എയറോബിക് കംപോസ്റ്റ് നിർമ്മാണം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

പ്രോജക്ട് നം.180/19

ബിൽനം 7/19-20 പ്രകാരം 479148/- രൂപ 24-08-2019

പുതിയകാവ് മാർക്കറ്റിൽ എയറോബിക് കംപോസ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നതിന് കരാറുകാരനിൽ നിന്നും മതിയായ ഫൈൻ ഈടാക്കിയതായി കാണുന്നില്ല. വർക്കിന്റെ കാലാവധി ദീർഘിപ്പിച്ചു തരുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയോ കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സർക്കുലർ നം.എസി.2/223/2015 തീയതി. 18-8-2018 പ്രകാരം കരാർ ലംഘന നടപടികൾ സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിരുന്നു. ഇതുപ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണെന്നും പരമാവധി കാലാവധി ആ പ്രവർത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദ്യത്തെ മൂന്നുമാസം വരെ കരാർ തുകയുടെ 1% തുകയും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 % തുകയും പിഴ ഈടാക്കാവുന്നതാണ്. കരാർ കാലാവധി 3 മാസമുള്ള പ്രവർത്തിയുടെ വർക്ക് ഏറ്റെടുത്ത് സൈറ്റ് ഹാൻഡ്ഓവർ ചെയ്തിട്ടുള്ളത് 03-03-2018 ലും എം. ബുക്ക് പ്രകാരം ചെക്ക്

മെഷർ ചെയ്ത് വർക്ക് കംപ്ലീറ്റ് ചെയ്തത് 21-03-2019 ലുമാണ്. പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം, ഷാജി ലാൽ എന്ന കരാറുകാരനിൽ നിന്നും പി.എ.സി യുടെ 3% വരുന്ന തുക മാത്രമാണ് ഫൈനായി ഈടാക്കിയിട്ടുള്ളത്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് (ആഴ്ചയിൽ 0.1%) ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/19-20 തീയതി18-01-2022) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ 2548/-രൂപ കൂടി ഈടാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചു.കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണി - ഫൈനൽ ബില്ലിൽ നിന്നും ജി.എസ്സ്.ടി കുറവായി ഈടാക്കി

പ്രോജക്റ്റ് നം.ട0107/2019

ബിൽ നം.1/2019-20 തീയതി 30-04-2019 രൂപ 67720/-

ബിൽ നം.3/2019-20 തീയതി 30-04-2019 രൂപ 217828/-

ആയുർവ്വേദാശുപത്രി അറ്റകുറ്റപ്പണി എന്ന പദ്ധതിയ്ക്കായി ഒറ്റ കോൺട്രാക്റ്റിൽ രണ്ട് ബില്ലുകളിൽ നിന്നായി 2,85,548/-രൂപ (217828+67720) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ഈടാക്കിയിട്ടില്ല.ജി.എസ്സ്.ടി ഇനത്തിൽ 2,85,548x 2%=5711/- രൂപ ഈടാക്കേണ്ടതായിരുന്നു.വർക്ക് ചെക്ക് മെഷർ ചെയ്ത തീയതി 18-05-2019 ലാണ്. 5711/- രൂപ ജി.എസ്.ടി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.10തീയതി20-01-2022)ബിൽതയ്യാറാക്കിയതിൽ വന്ന പിഴവാണെന്നും കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.5711/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ടാർ വീപ്പയുടെ വിലയോടൊപ്പം ജി.എസ്സ്.ടി ഈടാക്കുന്നില്ല

2019-20 വർഷം നടപ്പാക്കിയ മരാമത്ത് വർക്കുകൾ പരിശോധിച്ചതിൽ ടാറിംഗ് വർക്കുകളിൽ നിന്നും ടാർ വീപ്പയുടെ വിലയോടൊപ്പം ജി.എസ്സ്.ടികൂടി ഈടാക്കി കാണുന്നില്ല. താഴെപ്പറയുന്ന റിടാറിംഗ് വർക്കുകളിൽ ടാർ വീപ്പയുടെ വിലയോടൊപ്പം 18% ജി.എസ്സ്.ടി കൂടി ഉൾപ്പെടുത്തി വീപ്പയൊന്നിന് 281/- രൂപ നിരക്കിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം 238/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | പ്രോജക്റ്റ് നം /പേര് | ടാർവീപ്പയുടെ എണ്ണം | ഈടാക്കേണ്ട തുക | ഈടാക്കിയത് | കുറവായി ഈടാക്കിയത് |
|---|---|---|---|---|---|
| 1 | So125/19 മരക്കവീട്ടിൽ-കലവൂർ റോഡ് റിടാറിംഗ് | 4 | 1124 | 952 | 172 |
| 2 | So0090/19 ശ്രീകണ്ഠപുരം കിഴക്ക്റോഡ് റിടാറിംഗ് | 5 | 1405 | 1190 | 215 |
| 3 | കൊയ്പ്പള്ളിൽ ജീവറാം റോഡ് റി ടാറിംഗ് | 27 | 7587 | 6426 | 1161 |
| 4 | So249/19 ഇടശ്ശേരിക്കാവ്-കൊറ്റാർകാവ് റോഡ് റിടാറിംഗ് | 13 | 3653 | 3094 | 559 |
| 5 | So058/19കെ.വി | 14 | 3934 | 3332 | 602 |

| | | | | | |
|---|---|---|---|---|---|
| | മറ്റം-തേങ്ങാക്കടി റോഡ് റി ടാറിംഗ് | | | | |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർന്ന് ജി.എസ്സ്.ടി കൂടി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്സ.ടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-30 കുടുബശ്രീ കാന്റീൻ പ്രവർത്തിക്കുന്നില്ല

പ്രോജക്ട് നം.S0167/19

ബിൽ നം.1/2019-20 തീയതി 30-04-2019, 1,30,765/-

നഗരസഭ കോമ്പൌണ്ടിനുള്ളിൽ കുടുബശ്രീ കാന്റീൻ നിർമ്മിക്കുന്നതിനായി ബിൽ നം.1/2019-20 തീയതി 30-04-2019 പ്രകാരം1,30,765/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ എസ്റ്ററിമേറ്റ് നിരക്കിൽ 28-12-2018 ൽ വർക്ക് ഏറ്റെടുത്ത് 26-03-2019 ൽ തന്നെ (കരാർ കാലാവധിക്കുള്ളിൽ ) പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കുടുംബശ്രീ കാന്റീൻ പ്രവർത്തിക്കുന്നില്ല. പ്രസ്തുത നിർമ്മാണം ഉപയോഗപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.19 തീയതി 24-01-2022) ലഭ്യമാക്കിയ മറുപടിയിൽ കൌൺസിൽ തീരുമാനത്തോടുകൂടിയാണ് കാന്റീൻ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും തുടർന്ന് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. നഗരസഭാ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി കാന്റീൻ ഉപയോഗപ്രദമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-31 ആശ്രയപദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - SOO9/20

അടങ്കൽ - 300000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ്

ബിൽ നം - 25/8.8.19 – 300000/-

നിർവ്വഹണം - സെക്രട്ടറി

ആശ്രയപദ്ധതിക്കായി സി.ഡി,എസ്. അക്കൌണ്ടിലേയ്ക്ക് നൽകിയ 300000 രൂപയുടെ ചെലവ് രേഖകളും, തുക ചെലവഴിയ്ക്കാതെ സി.ഡി.എസ്. അക്കൌണ്ടിൽ സൂക്ഷിക്കുകയാണെങ്കിൽ ആയതിനുള്ള കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം.22/27.1.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റിസ്റ്ററേഷന് ചാർജ്ജ് -177645 രൂപ കുറവായി ഈടാക്കി

ഫയൽ നം.ഇ1/5950/19

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കമ്പനി നഗരസഭാപരിധിയിലുള്ള വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് കട്ട് ചെയ്യുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്.35 പോളുകൾ കോൺക്രീറ്റ് റോഡിലും479 പോളുകൾ ടാർ റോഡിലും നിർമ്മിക്കുന്നതിനാണ് കമ്പനി അപേക്ഷ നൽകിയിട്ടുള്ളത്.പ്രസ്തുത ഫയൽ വിശദമായി പരിശോധിച്ചതിൽ റിസ്റ്റൊറേഷൻ വിഡ്ത്ത് കണക്കാക്കി റേറ്റ് നിശ്ചയിച്ചതിൽ താഴെപ്പറയും പ്രകാരംഅപാകത കാണുന്നു.

ജി.ഒ.(ആർ.റ്റി.)നം.30/2018/പി.ഡബ്ല്യു.ഡി, തീയതി 05/01/2018 പ്രകാരം "Restoration Width Should Be Calculated As 1.50 Times The Trench Width Excavated For Laying The Pipes.". ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ അപേക്ഷ പ്രകാരം 40 Mm വിഡ്ത്താണ് ട്രെഞ്ച് വിഡ്ത്തായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം 40mm*1.50= 60 Mm വിഡ്ത്താണ് റിസ്റ്റൊറേഷൻ വിഡ്ത്തായി കണക്കാക്കി ചാർജ്ജ് കണക്കാക്കേണ്ടത്. എന്നാൽ കോൺക്രീറ്റ് റോഡിന് മാത്രമാണ് മേൽപ്പറഞ്ഞപ്രകാരം റേറ്റ് നിശ്ചയിച്ചിട്ടുള്ളതെന്ന് കാണുന്നു.ടാർ റോഡിന് ട്രെഞ്ച് വിഡ്ത്ത് മാത്രമെടുത്താണ് റേറ്റ് നിശ്ചയിച്ചിട്ടുള്ളത്.റേറ്റ് നിശ്ചയിച്ചതിലെ അപാകതകൾ കാരണം1,77,645/-രൂപ നഗരസഭയ്ക്ക് നഷ്ടമായി.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫയൽ പ്രകാരം ഡിമാന്റ് ചെയ്ത റേറ്റ്

കോൺക്രീറ്റ് റോഡുകളിലെ പോളുകളുടെ എണ്ണം =35എണ്ണം

കട്ടിംഗ് ഏരിയ = 35*.60*.60 =12.60 M2

ഈടാക്കിയ ചാർജ്ജ്= 12.60*5473.44/m2=Rs.68965.34

ടാർ റോഡിലെ പോളുകളുടെ എണ്ണം=479എണ്ണം

കട്ടിംഗ് ഏരിയ = 479*.40*.60 =114.96 M2

ഈടാക്കിയ ചാർജ്ജ്= 114.96*3090.57/m2=Rs.355291.92

ആകെ = 355291.92+68965.34 =4,24,257.92തുക

ഡിമാന്റ് ചെയ്യേണ്ട റേറ്റ്

കോൺക്രീറ്റ് റോഡുകളിലെ പോളുകളുടെ എണ്ണം =35എണ്ണം

കട്ടിംഗ് ഏരിയ = 35*.60*.60 =12.60 M2

ഈടാക്കേണ്ട ചാർജ്ജ്= 12.60*5473.44/m2=Rs.68965.34

ടാർ റോഡിലെ പോളുകളുടെ എണ്ണം =479എണ്ണം

കട്ടിംഗ് ഏരിയ = 479*.60*.60 =172.44 M2

ഈടാക്കേണ്ട ചാർജ്ജ് = 172.44*3090.57/m2=Rs.532937.89

ആകെ = 532937.89 +68965.34 =6,01,903.23

കുറവായി ഈടാക്കിയത് - 6,01,903.231-4,24,257.92=1,77,645/-രൂപ.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം .7തീയതി22.01-2022) മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പൽ എഞ്ചിനിയർ തെറ്റായി റേറ്റ് നിശ്ചയിച്ച് നൽകിയതുമൂലമാണ് റോഡ് കട്ടിംഗ് ചാർജ്ജ് കുറവായി ഡിമാന്റ് ചെയ്തിട്ടുള്ളത്. 1,77,645/-രൂപ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിൽ നിന്ന് ഈടാക്കാത്തപക്ഷം വരുമാനചോർച്ചയ്ക്ക് ഇടയാക്കിയ മുനിസിപ്പൽ എഞ്ചിനിയറിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എയറോബിക് കമ്പോസ്റ്റ് നിർമ്മാണം അപാകതകൾ

പ്രോജക്ട് നം.ഠ 216/19
ഫയൽ നം.E1-9706/17
കരാറുകാരന്റെ പേര് ;- ഷാജിലാൽ.വി
ബിൽ നം.5 19-20 തീയതി 30-04-2019 തുക 2,88,186/-

മുനിസിപ്പൽ ബസ്സ് സ്റ്റാന്റിൽ എയറോബിക് കംപോസ്റ്റ് നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക ചെലവഴിച്ചു

എം.ബുക്ക് പേജ് നം 3 പ്രകാരം,എസ്റ്റിമേറ്റിലെ രണ്ടാം ഇനമായ" Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering-All Work Up To Plinth Level 1:4:8( Graded Stone Aggregate 40 Nominal Size)" എന്ന പ്രവൃത്തിക്ക് 2.049 M3 ക്വാണ്ടിറ്റിയാണ് ചെക്ക് മെഷർ ചെയ്തിട്ടുള്ളത്. എന്നാൽ എം.ബുക്ക് പേജ് നം. 22 പ്രകാരം പ്രസ്തുത ഇനത്തിന് 2.625 M3 ന് 7068.31/m3 നിരക്കിൽ തുക അനുവദിച്ചു നൽകി.2.625x7068.31-2049x7068.31=4071/- രൂപ ഇപ്രകാരം അധികം നൽകാനിടയായി. അധികം നൽകിയ തുക 4071/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. വേസ്റ്റ് വാട്ടർ കളക്ഷൻ ടാങ്ക്

എസ്റ്റിമേറ്റിലെ 17 ാംമത് ഇനമായി യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വേസ്റ്റ് വാട്ടർ കളക്ഷൻ ടാങ്ക് സ്ഥാപിച്ചിട്ടില്ല. നേരിട്ട് യൂണിറ്റ് പരിശോധിച്ചതിൽ മാലിന്യങ്ങളിൽ നിന്ന് ഊറിവരുന്ന ദ്രവം വീണ് കമ്പികൾ തുരുമ്പിച്ച് പൊട്ടി തുടങ്ങിയതായും ദുർഗന്ധം വമിക്കുന്ന അവസ്ഥയിലും കാണപ്പെട്ടു. പ്രോജക്ടിൽ വേസ്റ്റ് വാട്ടർ ടാങ്ക്

ഉൾപ്പെടുത്തിയിരുന്നിട്ടും ആയത് ഒഴിവാക്കി പ്രവർത്തി നടത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.എസ്റ്റിമേറ്റിൽ 11000രൂപ മാത്രം വകയിരുത്തിയിരുന്ന പ്രസ്തുത ഇനം ഒഴിവാക്കിയതിനാൽ എയറോബിക് കംപോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തനത്തെ ഒന്നാകെ ബാധിക്കുവാനും, ഭാവിയിൽ ഓരോ കംപാർട്ട്മെന്റിലേയും കമ്പികൾ ഇരുമ്പെടുത്ത് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിനും ഇടനൽകുന്നു.തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോജക്റ്റ് നം. | വൌച്ചർ നം/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ/s0061/19 | 190784000009580 തീയതി 15-10-2019 | 363877 | 363877 | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | GO(MS)No.111/18 /LSGD/13.08.18 | 9160000 | 9160000 | 1146667 | | 8013333 |

.

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3200000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന | 32,00,000 |

| | |
|---|---|
| സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8186 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2000 | രാജു സൂപ്രണ്ടന്റ് | 120350900003/ 09.03.21 |
| 2016-17 | 3-18 | 2000 | എ. ജ്യോതിലക്ഷ്മി സൂപ്രണ്ടന്റ് | |
| 2015-6 | 3-9(3) | 3119 | ഡി.ദിനേശ് കുമാർ മുനിസിപ്പൽ എഞ്ചിനിയർ | |
| 2018-19 | 1-58 | 1067 | ,ശ്രീമതി.അഞ്ജു മുനിസിപ്പൽ എഞ്ചിനിയർ | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-16 | 2015-16 | 4-12-1 | കാർഷിക പദ്ധതി | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടിയുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 177480195 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 125497994 |
| വരവിനങ്ങളിലുള്ള നഷ്ടം | 177645 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4071 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,14,447 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ്ജ് ചെയ്യാവുന്നവ* | *സർചാർജ്ജ് ചെയ്യാവുന്നവ* | |
| 2-1 | 177645 | | അഞ്ജു.പി.റ്റി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 4071 | അഞ്ജു.പി.റ്റി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 7500 | ബിനുജി.ജി, സെക്രട്ടറി |
| 1-24 | 280000 | ദിലീപ് കുമാർ റ്റി.കെ, എച്ച്.എസ് |
| 1-25(എ) | 12570 | ഡോ.റംല, എം.ഒ,<br>ആയുർവേദം |
| 1-25(ബി) | 214377 | ജിതേഷ്.കെ.എ,<br>ജില്ലാ സൂപ്രണ്ട് |
| 1-31 | 300000 | ബിനുജി.ജി, സെക്രട്ടറി |
| | 8,14,447 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-28 - 5711

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ബിനജി.ജി, സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി, നിലമ്പൂർ മുനിസിപ്പാലിറ്റി | കണ്ണമ്പള്ളിൽ പായിക്കുഴി, ഓച്ചിറ-690526 |
| അഞ്ജു.പി.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസിറ്റന്റ് എഞ്ചിനീയർ കോർപ്പറേഷൻ ഓഫീസ് തിരുവനന്തപുരം | T/C/ 9/1637(1).കാവേരി, SMRA 105 ആശ്രമം ലേൻ, ശാസ്തമംഗലം , തിരുവനന്തപുരം |
| ദിലീപ് കുമാർ റ്റി.കെ, എച്ച്.എസ് | ഹെൽത്ത് സൂപ്പർവൈസർ,കായംകുളം മുനിസിപ്പാലിറ്റി | ഉഷാ ഭവനം , ഈസ്റ്റ് കല്ലട,കൊല്ലം |
| ജിതേഷ്.കെ.എ, ജില്ലാ സൂപ്രണ്ട് | സൂപ്രണ്ട്, ജില്ലാ ആശുപത്രി,മാവേലിക്കര | പടിപ്പുരയ്ക്കൽ കാർത്തിക നിയർ എസ് എൻ,സെൻട്രൽസ്കൂൾ, ചെറുകുന്നം കുറത്തികാട് പി ഓ,മാവേലിക്കര |
| ഡോ. റംല,മെഡിക്കൽ ഓഫീസർ ,ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം, മാവേലിക്കര | ദാറുൾ അമൻ,ചുനക്കര സൗത്ത്, ചാരുമൂട് പി ഓ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.എ.4-936/00/17.03.2001 |
| 1998-99 | എൽ.എഫ്.എ.4-937/00/17.03.2001 |
| 1999-2000 | എൽ.എഫ്.എ.4-218/02/18.08.2002 |
| 96-97 (ഫൈനൽ) | എൽ.എഫ്.എ.4-1031/03/15.12.2003 |
| 97-98(ഫൈനൽ) | എൽ.എഫ്.എ.4-1163/02/14.01.2003 |
| 98-99(ഫൈനൽ) | എൽ.എഫ്.എ.4-532/05/07.10.2005 |
| 2000-01 | എൽ.എഫ്.എ.4-673/05/09.11.2005 |

| | |
|---|---|
| 2001-02 ചെലവ് | എൽ.എഫ്.എ.4-938/05/05.05.2006 |
| 99-2000(ഫൈനൽ) | എൽ.എഫ്.എ.4-939/05/05.05.2006 |
| 2000-01(ഫൈനൽ) | എൽ.എഫ്.എ.4-821/07/12.08.2007 |
| 2001-02(ഫൈനൽ) | എൽ.എഫ്.എ.4-822/07/31.10.2007 |
| 2002-03 (വരവ് -ചെലവ്) | എൽ.എഫ്.എ.4-823/07/31.10.2007/06.07.2008 |
| 2003-04 | എൽ.എഫ്.എ.4-813/08/28.01.2009/22.04.2009 |
| 2004-05 | എൽ.എഫ്.എ.4-814/08/21.08.2009/22.04.2009 |
| 2005-06 | എൽ.എഫ്.എ.4-834/08/21.08.2009/22.04.2009 |
| 2006-07 | എൽ.എഫ്.എ.4-837/08/21.08.2009/11.08.2009 |
| 2007-08 | എൽ.എഫ്.എ.4-838/08/10.06.2009/01.10.2009 |
| 2008-09 | എൽ.എഫ്.എ.എം.1-500/12/06.12.2012 |
| 2009-10 (ചെലവ്) | എൽ.എഫ്.എ.എം.1-561/12/06.12.2012/14.12.2012 |
| 2009-10 (വരവ്), 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.എം.1-1991/2014/27.02.2015/01.05.2015 |
| 2013-14 | എൽ.എഫ്.എ.എം-1-1094/15/4.8.2015/31.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./എം.1/559/2016/6.06.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി./ജി.എ5/160/17 തീയതി, 15.02.17/ 15.03.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി./ജി.എ5/1128/17തീ. 20-9-2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി./ജി.എ5/138/19 തീ .08.04.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി./ജി.എ8/405/2020/03.06.20 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്